g: No. 5974 Price Re. 1—4—0 Established in 1894

# മലയാളി

## വിശേഷാൽപ്രതി

1952 മേയ് 1 — 1127 മേടം 19

## പ്രസ്താവന

**മലയാളി** ഇദംപ്രഥമമായി ഒരു വാർഷിക വിശേഷാൽപ്രതി പുറപ്പെടുവിക്കയാണു്. ഇതു് ഒരു മഹാവിജയമാണെന്നു ഞങ്ങൾ അവകാശപ്പെടുന്നില്ല. വിജയമോ പരാജയമോ എന്നു തീർച്ചപ്പെടുത്തേണ്ടതു് വായനക്കാരാണു്.

കേരളത്തിലെ തൂലികാകാരന്മാരിൽനിന്നു് അകമഴിഞ്ഞ പ്രോത്സാഹനവും ആത്മാർത്ഥമായ സഹകരണവും ഈ സംരംഭത്തിനു ലഭിച്ചിട്ടുണ്ടു്. വിശേഷാൽപ്രതിയിലേക്കു ലേഖനങ്ങളും പരസ്യങ്ങളും സംഭാവന ചെയ്ത എല്ലാ സുഹൃത്തുക്കളോടും ഞങ്ങൾക്കുള്ള ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

കിട്ടിയ ലേഖനങ്ങൾ എല്ലാം ചേർക്കാൻ സാധിക്കാതെവന്നതിൽ ഖേദിക്കുന്നു. താമസിച്ചു കിട്ടിയതുകൊണ്ടു് പല നല്ല ലേഖനങ്ങളും ചേർക്കാൻ സാധിക്കാതെവന്നു. ചിലരുടെ സംഭാവനകൾക്കുവേണ്ടി കാത്തിരുന്നതുമൂലം കിട്ടിയ സംഭാവനകൾ എല്ലാം വേണ്ടവണ്ണം പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ലേഖനങ്ങൾ അയച്ചുതരാമെന്നു വാഗ്ദാനം ചെയ്ത പലർക്കും മററു ജോലിത്തിരക്കുകളും അസൗകര്യങ്ങളും മൂലം വാഗ്ദാനം നിറവേററാൻ കഴിഞ്ഞിട്ടില്ല.

അവിചാരിതമായി നേരിട്ട അസൗകര്യങ്ങൾമൂലം പ്രസിദ്ധീകരണത്തീയതി തന്നെ മാററിവയ്ക്കേണ്ടിവന്നു. ഞങ്ങളിൽനിന്നു വന്നുപോയിട്ടുള്ള എല്ലാ പിഴകൾക്കു വേണ്ടിയും ഞങ്ങൾ മാപ്പുചോദിക്കുന്നു.

മലയാളികൾക്കു് ഇതാ "മലയാളി"യുടെ വിനീതമായ ഒരു കൈനീട്ടം. ഞങ്ങളുടെ ആത്മാർത്ഥതയ്ക്കെങ്കിലും അംഗീകാരം ലഭിച്ചാൽ ഞങ്ങൾ കൃതാർത്ഥരായി.

മലയാളി പത്രാധിപർ

ചെറുകഥ

# തൃതീയപത്നി

എം. തങ്കമ്മമാലിക്

സുബേദാ—അതായിരുന്നു ആ കുസൃതിക്കുട്ടിയുടെ പേര്. അഴകും തന്റേടവുമുള്ള ഒരു വിദ്യാർത്ഥിനിയായിരുന്നു അവൾ. നിർദ്ധനരായിരുന്നു മാതാപിതാക്കളെങ്കിലും ഫോർത്ത്ഫാറം വരെ അവൾ പഠിച്ചു. സ്വജാതിക്കാരെക്കാൾ അവൾ വിമതസ്ഥരായ സഹപാഠിനികളെ സ്നേഹിച്ചു; ബഹുമാനിച്ചു. ആ നീണ്ട ശരീരവും ഉറച്ച അവയവങ്ങളും, പരപുച്ഛം കലർന്ന വീക്ഷണവും, അഹങ്കാരം സ്ഫുരിക്കുന്ന സ്വരവും അവളെ സഹപാഠിനികളുടെ നായികയാക്കി.

വിവാഹവിഷയത്തിൽ അവൾക്ക് സ്വന്തമായ ചില അഭിപ്രായങ്ങളുണ്ടായിരുന്നു. കൊഴുത്തുരുണ്ട ശരീരവും ചുരുണ്ട മുടിയും, വെളുപ്പും, ജുബ്ബായും, റിസ്റ്റവാച്ചുമൊക്കെയാണ് അവളുടെ 'അളവിൽ' യോഗ്യനായ ഭർത്താവിന്റെ മാനദണ്ഡം.

"സുധേ നീയറിഞ്ഞോ—ഇന്നലെ സുലേഖായുടെ നിക്കാഹ് ആയിരുന്നു. എല്ലാവരും പറഞ്ഞു. ഇത്ര നല്ല ഒരു പുതുമാപ്പിള്ളയെ കിട്ടത്തില്ലെന്നു'. അതൊന്നു കാണാമെന്നു കരുതി ഞാൻ വീട്ടിന്റെ വാതിലിൽ മറഞ്ഞുനിന്നു. മാപ്പിള തലപ്പാവും കെട്ടി, പൂമാലയുമിട്ട് നടന്നാണ് വന്നത്. എനിക്കു ചിരിവന്നുപോയി. ഒരുകാക്കക്കറുമ്പൻ. തടിയോ—പറയാനില്ല. ബി. ഏ. ക്കാരനാണുപോലും. പിന്നെന്തുവേണം" സുബേദാ ചിരിച്ചു.

"കറുത്തവരെ കൊള്ളത്തില്ലേ?" തന്റെ ഭാവിവരന്റെ സ്മരണയോടെ സുധ ചോദിച്ചുപോയി.

"കൊള്ളത്തില്ലെന്നു പറഞ്ഞോ? അതിലുമുണ്ട് അഴക്. ഞാൻ ഇങ്ങനെയുള്ളവരെ കെട്ടത്തില്ല. മാപ്പിള ഇല്ലെങ്കിൽ വേണ്ട" സുബേദാ സാഹങ്കാരം പറഞ്ഞു.

"മാലതിയുടെ കല്യാണം കഴിഞ്ഞ് ഭാര്യയും ഭർത്താവും വന്നിട്ടുണ്ടെന്നു കേട്ടു. നിങ്ങൾ വലിയകൂട്ടുകാരായിരുന്നില്ലേ" സുധ ചോദിച്ചു.

"അതേ. അവൾ വീട്ടിൽ വന്നിരുന്നു. എന്റെ സുധേ അയാളെ നീയൊന്നു കാണണ്ടതാ. ഹോ ആ കുടവണ്ടി! മാലതി ഒരു കൊതുക്. അയാൾ ഒരാനയും. ഈ ഉപമയാണ് എനിക്കു തോന്നിയത്. മാലതിയുടെ ഭാവവും വർത്തമാനവും കേട്ടാൽ അയാൾ മഹാ സുന്ദരനാണെന്നു തോന്നിപ്പോകും." സുബേദാ പുച്ഛിച്ചു.

"ഇവൾക്കു് പറ്റിയ തരം കിട്ടുമോ" സുധ വിചാരിച്ചു.

ആറുമാസം കഴിഞ്ഞു. സുധയും വിവാഹിതയായി. പിതാവിന്റെ മരണം സുബേദായുടെ സ്കൂൾജീവിതത്തിനു വിരാമമിട്ടു. സ്വച്ഛാപൂർവം സ്കൂൾകാമ്പൗണ്ടിൽ പറന്നുകളിച്ചിരുന്ന ആ മൈന കൂട്ടിലടച്ചപ്പോൾ പിടയാൻ തുടങ്ങി. അമ്മാവന്റേയും അമ്മാവിയുടേയും മേൽനോട്ടത്തിൽ ചിറകൊടിഞ്ഞ് അടുക്കളമൂലയിൽ കഴിഞ്ഞിരുന്ന അവൾ നിർദ്ധനയാകയാൽ വിവാഹക്കമ്പോളത്തിലെ വിലപോകാത്ത ചരക്കായിത്തീർന്നു. വയസ്സ് പതിനെട്ടായി. സഹോദരിയുടെ കണ്ണുനീരും, മരുമക്കളുടെ ദീർഘനിശ്വാസവും സുലേമാൻപിള്ളയെ ഒന്നുലച്ചു. അരയും തലയും മുറുക്കി അയാൾ ഒരു മാപ്പിളയെ കണ്ടുപിടിക്കാനിറങ്ങി.

രണ്ടാഴ്ച കഴിഞ്ഞു. ആരോ ചിലരെല്ലാം വീട്ടിൽ വന്നു. എന്തെല്ലാമോ സംസാരിച്ചു: "മൂന്നാമത്തെ വിവാഹമാണ്. പക്ഷെ ചെറുപ്പം. മക്കളൊന്നുമില്ല. സ്വത്താണെങ്കിൽ പറയാനുമില്ല പെണ്ണിന്റെ ഭാഗ്യം" ഇങ്ങനെ ചില വാക്കുകൾ സുബേദായുടെ ചെവികളിലും പതിഞ്ഞു.

"മൂന്നാമത്തെ വിവാഹം! രണ്ടു ഭാര്യമാരും മരിച്ചുപോയിരിക്കാം! ആളെങ്ങിനെയിരിക്കുമോ? എന്തായാലും വേണ്ടില്ല, ഈ നരകത്തിൽനിന്നും രക്ഷപ്പെട്ടാൽമതി" സുബേദാ വിചാരിച്ചു.

സുബേദായുടെ നിർബ്ബന്ധപൂർവ്വമായ ക്ഷണം സ്വീകരിച്ച് അവളുടെ പൂർവ്വസഖികളായ സുലേഖായും, മാലതിയും, സുധയും അവളുടെ വിവാഹത്തിൽ പങ്കുകൊണ്ടു. പന്തലിൽ ഇരുന്ന വരനെ സ്ത്രീകൾക്ക് കാണാൻ തരപ്പെട്ടില്ല. സുബേദാ നേരത്തെ ഏർപ്പാടുചെയ്തിരുന്നതനുസരിച്ച് സ്നേഹിതകൾ മണവറപ്പുരയിൽ ഒഴിഞ്ഞുമാറിനിന്നിരുന്നു, പുതിയ മാപ്പിളയെകാണാൻ! താലികെട്ടാൻ പുതിയമാപ്പിളവന്നു. സ്നേഹിതകൾ പരസ്പരം മിഴിച്ചുനോക്കി. ജിജ്ഞാസുവായ സുബേദായും മുഖംമൂടിയിരുന്ന വിരലുകൾക്കിടയിൽക്കൂടി ഭർത്താവിനെ നോക്കിപ്പോയി. അവൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല ഒരു നാല്പത്തഞ്ചുകാരൻ! ഒട്ടിയകവിളും, കുഴിഞ്ഞകണ്ണും, ഉന്തിയ പല്ലും! എന്താണവൾ കണ്ടത്? അവളുടെ മുമ്പിൽ യുവാവായ കാസീമും സുലേഖായും, സുകുമാരനായ വിജയനും സുധയും, അല്പം സ്ഥൂലകായനെങ്കിലും ഒട്ടും വിരൂപനല്ലാത്ത ഡാക്ടർ കൃഷ്ണപിള്ളയും മാലതിയും അണിനിരന്ന്, കൈകോർത്തുപിടിച്ചുനിന്ന് പരിഹസിക്കുന്നതുപോലെ അവൾക്കുതോന്നി. രണ്ടുഭാര്യമാർ മരിച്ചെങ്കിലും

മുപ്പതുവയസ്സിൽ കൂടുതൽ പ്രായമില്ലെന്നും, കണ്ടാൽ തരക്കേടില്ലന്നും, മഹാസമ്പന്നനാണെന്നും മററും അവളുടെ മാമായും ദല്ലാളും പറഞ്ഞതു വിശ്വസിച്ചാണ് അവൾ വിവാഹത്തിനു സമ്മതിച്ചത്. ഹോ! എന്തൊരു ചതി. ഇതിലും ഭേദം നിത്യകന്യകാത്വമായിരുന്നു!! "പടച്ചവനേ," എന്നു വിളിച്ചുകൊണ്ട് സുബൈദാ ബോധഹീനയായി നിലംപതിച്ചു.

* * * *

ഒരണ്ടിയാപ്പീസ്, ആയിൽമിൽ, സാമിൽ, ഇതിന്റെയെല്ലാം ഉടമസ്ഥനാണ് അബ്ദുള്ളാ. മാതാപിതാക്കളോ അടുത്ത ബന്ധുക്കളോ ഇല്ലാത്ത അയാൾ സന്താനഹീനനമാണ്. സുബൈദായുടെ യൗവ്വനവും സൗന്ദര്യവും അയാളെ കുറച്ചൊന്നാകർഷിക്കാതിരുന്നില്ല. പക്ഷേ വളരെ വേഗം അയാൾക്കുമനസ്സിലായി അവൾക്ക് തന്നോട് ലേശംപോലും സ്നേഹമോ ബഹുമാനമോ ഇല്ലെന്ന്. മഹാപിശുക്കനായ മുതലാളി ഭാര്യയുടെ സ്നേഹം സമ്പാദിക്കാൻ ജീവിതത്തിൽ ആദ്യമായി മധുരപദാർത്ഥങ്ങൾക്കും, പട്ടുവസ്ത്രങ്ങൾക്കുമായിപണം ചെലവാക്കാൻ തുടങ്ങി. എന്നിട്ടും സുബൈദായ്ക്കു ഒരുതെളിച്ചയില്ല. ഏകാന്തവാസം അവളെ പരിഭ്രാന്തയാക്കി. അയൽപക്കക്കാരായ സ്ത്രീകളെ അവൾ തന്റെ ഭവനത്തിലേക്കു ക്ഷണിച്ചുവരുത്തുകയും സൽക്കരിക്കയുംചെയ്യതുടങ്ങി. ചിലവു വർദ്ധിച്ചുതുടങ്ങിയപ്പോൾ, പുതുമമാറിയപ്പോൾ, മുതലാളി തന്റെ വിശ്വരൂപം കാട്ടാൻ ഭാവിച്ചു. അമിതാഹാരത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രസംഗിച്ചിട്ട് അയാൾ അവസാനം പറയും—"എടീ! എന്റെ വാക്കു കേൾക്കാതെ ഞാനില്ലാത്തപ്പോൾ ധാരാളം പലഹാരങ്ങൾ അവളുമാരു (മുമ്പിലത്തെ ഭാര്യമാർ) വാങ്ങി ഒളിച്ചു തിന്നുമായിരുന്നു. തിന്നു തിന്ന് രണ്ടും ചത്തു. അതുകൊണ്ട് കരുതിക്കോ. പിന്നെ അയലത്തുകാരെ അടുപ്പിക്കരുത്. അവളെല്ലാം നിന്നെ കൊള്ളയിടും. ഒരു കാര്യംകൂടെ, ഇപ്പോ നടപ്പുദിനമുള്ള സമയമാ. മീനധികം വാങ്ങിക്കരുത്. എന്തെങ്കിലും ഒരു കൂട്ടാൻ ചെയ്തുവെക്കണം. ഉച്ചയ്ക്കൊരുവെപ്പു വെച്ചാൽ മതി"…………ഇങ്ങനെതുടങ്ങുന്ന പ്രസംഗത്തിൽനിന്നും മുതലാളിയുടെ തനിരൂപം സുബൈദാ കണ്ടു. അവൾ മടുത്തു. ഏകാന്തത അവളെ അലട്ടി. ഒളിച്ചും മറഞ്ഞും അയൽപക്കക്കാരുമായി അവൾ ഇടപെട്ടുകൊണ്ടിരുന്നു. അല്പം എഴുത്തും വായനയും പഠിച്ച അവൾ അടുക്കളയിൽതന്നെ കഴിഞ്ഞുകൂടാൻ ആഗ്രഹിച്ചില്ല. ഒരു സ്നേഹിതയിൽ നിന്നും ഒഴിവുള്ള സമയങ്ങളിൽ പത്രങ്ങളും നോവലുകളും വാങ്ങി വായിക്കാൻ തുടങ്ങി ഇതു മുതലാളി മനസിലാക്കി. വിരോധം പറഞ്ഞു. ഗുണദോഷിച്ചു. ശാസിച്ചു. സുബൈദാ വകവെച്ചില്ല. അതുകൊള്ളാം! കെട്ടിയവനെ അനുസരിക്കുകയില്ലെന്നോ? പെണ്ണുങ്ങളെ നിലയ്ക്കു നിർത്താനുള്ള വിദ്യ അയാൾക്കറിയാം. ഇരുമ്പുലക്കപോലുള്ള ആ കൈ അവളുടെ മൃദുലമായ അംഗങ്ങളിൽ തെരുതെരെ പതിച്ചുതുടങ്ങി. ചവിട്ടും ഇടിയും, ശകാരങ്ങളും. പരപരിഹാസവുമോർത്ത് അവൾ സഹിച്ചു. പക്ഷേ തന്റെ സപത്നികളുടെ അകാലമൃത്യുവിന്റെ കഥ ഓർത്ത് അവൾ നടുങ്ങിപ്പോയി. "ഇല്ല, ഇതു ഞാൻ സഹിക്കയില്ല. ഞാൻ പ്രതികാരം ചെയ്യും" അവൾ മനസാ നിശ്ചയിച്ചു. ഒരു ദിവസം പതിവിനു മുമ്പേ മുതലാളി വീട്ടിൽ എത്തി. അടുക്കളയിലേക്കു നോക്കിയ മുതലാളി പകച്ചു നിന്നുപോയി. പലതരത്തിലുള്ള പലഹാരങ്ങൾ ചെയ്തു വെച്ചിരിക്കുന്നു. ഇറച്ചി അടുപ്പിൽകിടന്നു തിളക്കുന്നു. നെയ്ച്ചോറ് ഇളക്കികൊണ്ട് സുബൈദാ കുനിഞ്ഞുനില്ക്കുന്നു.

"എന്താടീ ഇത്?" അബ്ദുള്ളാ ഗർജ്ജിച്ചു.

"കണ്ടുകൂടെ എന്താണെന്ന്. ഇന്ന് എന്റെ രണ്ടുമൂന്നു കൂട്ടുകാരികളെ ക്ഷണിച്ചിട്ടുണ്ട്" കുനിഞ്ഞു നിന്നുതന്നെ അവൾ പറഞ്ഞു:

"നിന്റെ കൂട്ടുകാരികൾക്ക് നിന്റെ വാപ്പാടെ മൊതലീന്ന് എടുത്തുവേണം കൊടുക്കാൻ. എന്നെ കൊള്ളയടിക്കാൻ വന്നുകൂടിയ ഷൈത്താൻ" മുതലാളിക്കു സഹിച്ചില്ല.

"നിങ്ങൾ ഭൂതത്തിനെപ്പോലെ ഇതെല്ലാം കരുതിവെയ്ക്കുന്നതാക്കാ?" സുബൈദാ പരിഹസിച്ചു.

"നിന്റെ തന്തയ്ക്കാ—" കയ്യും ഓങ്ങികൊണ്ട് കലിതുള്ളി മുതലാളി സുബൈദായെ സമീപിച്ചു. അടുപ്പിൽ എരിഞ്ഞുകൊണ്ടിരുന്ന ഒരു നീണ്ട തീക്കൊള്ളിയുമായി സുബൈദാ നിവർന്നുനിന്നു—"ഓ, ഇതു കണ്ടോ—മര്യാദയ്ക്കു അടങ്ങിയിരുന്നുകൊള്ളണം. കെട്ടിയവനാണല്ലോ എന്നു കരുതി


UDIPI SREE KRISHNA BHAVAN
BOARDIG & LODGING

സുഖമായ ഭക്ഷണം സൗകര്യപ്രദമായ താമസം



ഇലക്ട്രിക് സംബന്ധമായും മററുമുള്ള സകല സജ്ജീകരണങ്ങളോടുകൂടിയത്

ഫോൺ 113

പ്രൊ: ബി. കെ. രങ്കൻപോററി, പോസ്റ്റാഫീസ് ജംഗ്ഷൻ, നാഗർകോവിൽ

# സാംസ്കാരികമുന്നണി

## ചമ്പക്കുളം കെ അപ്പുക്കുട്ടൻനായർ

നേരംപൊന്നൊളിപൂശാറായി
പണിചെയ്‌വോരുടെ വരവായി
പാടത്തെക്കരിമണ്ണിൽപഞ്ചമ-
രാഗംപാടിപണിചെയ്‌വാൻ.
വരിവരിയായിപ്പോവുകയാണാ-
സംസ്കാരത്തിൻകൺമണികൾ
ചോരവിയർപ്പായ്മാററാനങ്ങിനെ
സേവനമേകാൻനാട്ടാക്കായ്
വെട്ടിനിരത്തിവെടിപ്പാക്കീടാൻ
പാടത്തേയ്ക്കവർ പോകുകയായ്.
സംസ്ക്കാരത്തിൻ വിത്തുകൾവിതറാൻ
പാടേത്തേയ്ക്കവർപോകുകയായ്.
കലയുടെമൊട്ടുകളുയരും നവയുഗ
സംസ്ക്കാരച്ചെടിവളരുമ്പോൾ,
സന്തോഷത്തിൻ മധുരിമയുതിരും
സംസ്ക്കാരപ്പൂവിടരുമ്പോൾ.
കളകൾനിറഞ്ഞുകിടക്കുംഭൂമിയി-
ലുടലുവിയർക്കെപ്പണിചെയ്തു
പറയും തങ്ങളിലവരോരോന്നാ-
മധുകാലത്തിൻ മഹിമകളെ.
കഷ്ടപ്പെട്ടുവളർത്തിയ നെൽച്ചെടി
കാററത്താടിലസിക്കുമ്പോൾ.
കുലകുലയായപ്പാടത്തവയൊരു
കാഞ്ചനകാന്തികലർത്തുമ്പോൾ,

കളകളഗീതം പാടിപ്പാടി
തുണാം കുരുവികളെത്തുമ്പോൾ
നിറയുകയായപ്പണിചെയ്‌വോരുടെ
നിർമ്മലഹൃദയം കൗതുകത്താൽ.
അന്നവർ പാകിയ സംസ്ക്കാരത്തിൻ
നെന്മണിയാണപ്പാടത്തിൽ
മണിമണിയായികുലകുലയായി
കിക്കിളിയുട്ടിലസിക്കുന്നു.:
അണിയണിയായിപ്പോവുകയാണാ-
വേലക്കാരുടെ മുന്നണികൾ
പട്ടതയെഴുന്നോരവരുടെ കയ്യിൽ
കാണാമോരോകൊയ്ത്തരുവാൾ.
അന്നവർവിതറിയവിത്തിൻവിളവുകൾ
കൊയ്തുമെതിക്കാൻ പോവുകയാം
ചെന്നിണമെല്ലാം ഏകിവളർത്തിയ
നെന്മണികൊയ്യാൻ പോവുകയാം
സംസ്ക്കാരത്തിൻകുത്തകപേറി-
പ്പട്ടയണിയാട്ടം മാളോരേ!
മതിയിനിനിങ്ങടെ കുത്തലുവീണാ-
സംസ്ക്കാരത്തിൻവിളയാട്ടം
കായവിയർപ്പാലുയരും നൂതന
സംസ്ക്കാരത്തിൻ പൊന്നലകൾ
അണിയണിയായിട്ടുയരുകയാണാ
ജീവിതസമരച്ചെങ്കടലിൽ

ഇത്രയും നാൾ ഞാൻ ക്ഷമിച്ചു. പട്ടിണിയിട്ടും ചവുട്ടിയും അടിച്ചും രണ്ടെണ്ണത്തിനെ കൊന്നതിന്നതുപോലെ എന്നെയും കൊല്ലാനാണോ? നടപ്പില്ല. എനിക്കിഷ്ടംപോലെ ഞാൻ ചെലവാക്കും. എന്നോടു കളിച്ചാലുണ്ടല്ലോ....'' അവൾ തീക്കൊള്ളിയും ഓങ്ങിക്കൊണ്ടു് ഗർജ്ജിച്ചു. മുതലാളി ഭയന്നുപോയി. അയാൾക്ക മനസ്സിലായി അവൾ പറയുന്നതുപോലെ പ്രവർത്തിച്ചുകളയുമെന്നു്. എന്തെല്ലാമോ പിറുപിറുത്തുകൊണ്ടു് അയാൾ ഇറങ്ങിപ്പോയി.

* * *

സുബേദാ ഒരു മാതാവായി. അതേ അവളതിനു നിർബന്ധിതയായി. പക്ഷെ സാധാരണ മാതാക്കളെപ്പോലെ അവൾ അഭിമാനിച്ചില്ല; ആനന്ദിച്ചില്ല. ഒരു പുത്രനെ അവൾ പ്രസവിച്ചു. അബ്ദുള്ളായുടെ ശരിപ്പകർപ്പായിരുന്നു ആ കുട്ടി. മാതാവിന്റെ ആനന്ദവും, വാത്സല്യവുംകൂടെ പിതാവു് പ്രത്യക്ഷമാക്കി. ചിരകാലമായുള്ള അഭിവാഞ്ഛ രൂപമെടുത്തതല്ലേ ആ കുട്ടി. സുബേദായുടെ ഉദാസീനത അബ്ദുള്ളായെ കൂടുതൽ ശ്രദ്ധാലുവാക്കി. രാവും പകലും കുട്ടിയെക്കുറിച്ചുള്ള ചിന്തതന്നെ മുതലാളിക്കു്. അവൻ വളർന്നുവന്നു. ''എന്നെപ്പോലെ തന്നെടി'' അബ്ദുള്ളാ സാഹ്ലാദം പുലമ്പും. ''എന്റെ കൂട്ടുകാരെ പരിഹസിച്ചതിന്റെ ഫലമാണു്. വിരൂപനായ ഭർത്താവിനെ തന്നു. സുകുമാരനായ ഒരു സന്താനത്തെയെങ്കിലും പടച്ചവൻ തന്നുകൂടായിരുന്നോ!'' അവളുടെ അന്തരാത്മാവു് മന്ത്രിക്കും.

കുട്ടിയെ നല്ല നല്ല സാധനങ്ങൾ തീററുന്ന കാര്യത്തിൽ മാത്രം മുതലാളി ഒരു ലോഭവും കാട്ടാറില്ല. ബസാറിലുള്ള പലതരത്തിലെ പലഹാരങ്ങൾ ദിവസംതോറും അയാൾ കുട്ടിയെ തീററും. സുബേദായുടെ തടസ്സം ഒട്ടും ഗണ്യമാക്കാറില്ല. മൂന്നുവയസ്സായപ്പോഴെ ആ കുട്ടി ഷാഹു—(ഷാഹുൽഹമീദ്) ഒരേഴുവയസ്സായ കുഞ്ഞിന്റെ

(ശേഷം 96-ാം പേജിൽ)

മഞ്ജുവിൻെറ അച്ഛൻെറ പേരൊന്നു പരിഷ്കരിക്കണ്ടെ മല്ലൊ.

മഞ്ജു:—ശരിയാണ്, ഞാനും അതു കുറേനാളായി വിചാരിക്കുന്നതാണ്.

കിട്ടുണ്ണി:—ഇപ്പോഴത്തെ പേര് ശാമുമേനോൻ. അല്ല ? (ആലോചിച്ച്) ശ്യാമമേനോൻ--അതുപോരാ-- ആ--കിട്ടിപ്പോയി സുമാസ്രമേനോൻ.

മഞ്ജു:—അതു വല്ലാതിരിക്കുന്നു.

കിട്ടുണ്ണി:—എന്നാൽ - ശശീന്ദ്രനാഥമേനോൻ--എന്താ?

മഞ്ജു:—അതുകൊള്ളാം. എൻെറ കൂട്ടുകാരി സുകേശിനിയുടെ ചേട്ടൻെറ പേരുകേക്കണോ? കിട്ടുണ്ണി--- ഹ- ഹ- ഹ-

കിട്ടുണ്ണി:—അയ്യോ--എനിക്ക് ആ പേരുകേട്ടിട്ടു നാണമാകുന്നു. നല്ല മുഴങ്ങുന്ന പേരിടണം.കാണാൻ മോശമാണെങ്കിലും പേരു നല്ല അഴകായിരിക്കണം.

മഞ്ജു:—അങ്ങനെ പറയൂ, ലംബൂ.

കിട്ടുണ്ണി: -- ങേ, ലംബുവോ?

മഞ്ജു: - അതേ, ഞാൻ അങ്ങനെയേ വിളിക്കൂ.

കിട്ടുണ്ണി:— അതുകൊള്ളാം. മഞ്ജുവും ലംബുവും.

(രംഗംമാറി)

(കതകിൽ മുട്ടുന്നശബ്ദം)

പോസ്റ്റ്മേൻ:— അമ്മാ പോസ്റ്റ്.

മഞ്ജു:— ആർക്കാണ്?

പോസ്റ്റ്:— കിട്ടുണ്ണിനായർ.

മഞ്ജു:— ഇവിടെ അങ്ങിനെ ഒരാളില്ലല്ലോ.

കിട്ടുണ്ണി:---ഉണ്ട്. എഴുത്തിങ്ങുതരൂ.

മഞ്ജു:---(ആശ്ചര്യത്തോടെ) ങേ;

(കിട്ടുണ്ണി എഴുത്തിൻെറ ലക്കോട്ടു പൊട്ടിക്കുന്ന ശബ്ദം)

മഞ്ജു:---എന്തിനാ, വല്ലവർക്കുമുള്ള എഴുത്തുവാങ്ങുന്നത്.

കിട്ടുണ്ണി:---വല്ലവർക്കുമുള്ളതല്ല. എനിക്കുതന്നെ. വീട്ടിൽ നിന്നാണ്.

മഞ്ജു:---സത്യമാണോ ഈ പറയുന്നത്.

കിട്ടുണ്ണി:---എൻെറ മഞ്ജുവിനാണെ സത്യം.

(കാലൊച്ച)

മഞ്ജു:---അമ്മാ, അമ്മാ-

മാധവി:---എന്താ കുഞ്ഞേ!

മഞ്ജു:---അയ്യോ അമ്മാ, ഇദ്ദേഹത്തിൻെറ പേര്-

മാധവി:---എന്തുപററി?

മഞ്ജു: —ഇദ്ദേഹത്തിൻെറ പേര് അതല്ല.

മാധവി:—പിന്നെ?

മഞ്ജു:---അയ്യോ എനിക്കു പറയാൻ നാണമാകുന്നു.

മാധവി:---എന്താ ലംബോദരൻനായർ?

കിട്ടുണ്ണി:---എൻെറ പേര് കിട്ടുണ്ണി നായർ എന്നാണ്.

മാധവി:---എന്ത്? കിട്ടുണ്ണി നായരോ? എങ്കിലും നിങ്ങൾ ഞങ്ങളെ ഇങ്ങനെ വഞ്ചിക്കേണ്ടതില്ലായിരുന്നു മകളേ, നീ കരയാതെ. നമുക്ക് ആ പേരു മാററാം.

കിട്ടുണ്ണി:—സാദ്ധ്യമല്ല, എൻെറ പേര് ഞാൻ മരിക്കുന്നതുവരെ കിട്ടുണ്ണിനായർ എന്നുതന്നെ. അതു മാററേണ്ട ആവശ്യമില്ല, കോമകുഞ്ഞിക്കു സുലോചനയെന്നും, കഷണ്ടിക്കാരിക്കു സുകേശിനിയെന്നും, മററും പേരുകളിടുന്ന നിങ്ങളുടെ പരിഷ്കാരം എനിക്കുവേണ്ട.

ശാമു:—അങ്ങനെ പറയൂ. കിട്ടുണ്ണിനായരേ, ഞാനും ഇതു പറയണമെന്നു വിചാരിച്ചു കഴിയുകയായിരുന്നു. വിളിച്ചാൽ ശ്വാസം മുട്ടുന്ന ഈ പുത്തൻ പേരുകൾ വിളിച്ചു വിളിച്ചു ഞാൻ കഷ്ടപ്പെട്ടു. ഒരുചാൺ നീളമില്ലാത്ത കുഞ്ഞി

---

(91-ാം പേജിൽ നിന്നു തുടർച്ച)

ആഹാരം കഴിക്കും. എന്തിനേറെ? അമിതാഹാരം അജീർണ്ണത്തിൽ എത്തിച്ചു. ഇളക്കവും ഛർദ്ദിയും തുടങ്ങി. രണ്ടാഴ്ചയ്ക്കുള്ളിൽ കുട്ടി പിതാവിനെ ശോകസാഗരത്തിൽമുക്കിയിട്ട് ഈ ലോകം വെടിഞ്ഞു. സുഭദ്രയും കരഞ്ഞു. പക്ഷെ അബ്ദുള്ളായുടെ കരൾ തകർന്നുപോയി. വളരെ മുൻപുതന്നെയുണ്ടായിരുന്ന സുഖക്കേട് കരളുരപ്പ്—അടിക്കടി ഉണ്ടാകാൻ തുടങ്ങി. ഒരു മാസത്തിനകം അബ്ദുള്ളായും മകനെ പിൻതുടർന്നു.........

അടുത്ത ചാർച്ചക്കാരായി ആരുമില്ലെങ്കിലും ധാരാളം പേർ ദുഃഖമന്വേഷിച്ചുവന്നു. മാമായും മാമിയും മററു പലരും അവളുടെകൂടെ താമസമാക്കി. വെറുക്കപ്പെട്ടവനെങ്കിലും ഭർത്താവിൻെറ മരണത്തിൽ സുഭദ്രയ്ക്കു ദുഃഖം തോന്നി. രണ്ടുമൂന്നുദിവസം അവൾ ഒരേകിടപ്പുകിടന്നു. ഒരു ദിവസം രാത്രി അവളുടെ സകല ദുർഗ്ഗതികൾക്കും കാരണക്കാരായ മാമായും മാമിയും കൂടെ രഹസ്യമായി സംസാരിക്കുന്നത് അവൾ ശ്രദ്ധിച്ചു. "ഏകദേശം ഒരു ലക്ഷത്തോടടുത്തുവരും. ആ പിള്ളേടെ തിന്നാതേം കുടിക്കാതേം ഒണ്ടാക്കിയത് ഈ മൂതേവിക്കാ വിധിച്ചിരുന്നത്. നമ്മുടെ അവനാമ്മാരെ കൊടുക്കാൻ ഞാനെത്ര പറഞ്ഞതാ. നീ സമ്മതിച്ചോ?" മാമാ ചോദിച്ചു.

"ഇയാള് ഇപ്പോചാവുമെന്ന് ആരെങ്കിലും മനസ്സിലാക്കിയോ? ആവനാ സമ്മതിച്ചിട്ടുവേണ്ടേ. ആ പല്ലുകണ്ടാലേ പേടിയാവുമായിരുന്നല്ലോ. ഇപ്പോ എന്നാ കുറവ് എല്ലാം നിങ്ങടെ കയ്യിലല്ല്യോ. നിങ്ങടെ ചൊണപോലിരിക്കും." മാമി പറഞ്ഞു.

സുഭദ്ര വിളക്കും കത്തിച്ച് അന്നുവരെ താൻപ്രവേശിച്ചിട്ടില്ലാത്ത ഒരു ചെറിയ മുറിയിൽകടന്നു. ഭർത്താവിൻെറ വക ഒരു വലിയപെട്ടി തുറന്നു. അവളുടെ ആശ്ചര്യത്തിനതിരില്ലാതായി. വെള്ളിരൂപാകളും പവനും നിറച്ചിരിക്കുന്നു! അവൾ ആറു രൂപാ തികച്ച് ഇതുവരെ കയ്യിലെടുത്തിട്ടില്ല. പരിഭ്രാന്തയായി ചുററും നോക്കി. കതകടച്ച് കുററിയിട്ടു. രണ്ടു കയ്യുകൊണ്ടും പണം വാരി എണ്ണാൻശ്രമിച്ചു. വാരി വാരി പെട്ടിയിൽതന്നെ ഇട്ടു. ആ നാണയങ്ങൾകൂട്ടി മുട്ടുന്ന ശബ്ദം അവളെ നടുക്കി. "ഇതെല്ലാം എൻേറതുതന്നെ. ഇല്ല, ഇല്ല, ഒരു കാശും ആർക്കും തരില്ല. എല്ലാം എൻേറത്, എൻേറതുതന്നെ. പോ. പോ എല്ലാരും ഇവിടുന്നു പോ. ഞാൻ മാത്രംമതി. കള്ളന്മാർ- എന്നെക്കൊണ്ട് പണം തട്ടിക്കാൻ വന്ന കള്ളന്മാർ—ഹാ- ഹാ- ഹാ- ഞാൻ ആരാണ്? ഇതെല്ലാം എന്താണ്?" ഉന്മാദിനിയെപ്പോലെ പുലമ്പിക്കൊണ്ട് അവൾ വീണ്ടും പണംവാരി വിതറി.